**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1768** **04-02-2026 - ൽ മറുപടിയ്ക്ക്**

**അസിസ്റ്റന്റ് പ്രൊഫസർ റാങ്ക് ലിസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | അസിസ്റ്റന്റ് പ്രൊഫസർ (വിവിധ വിഷയങ്ങൾ) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട പല ഉദ്യോഗാർത്ഥികൾക്കും നിയമനം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൽ എന്ത് നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ ; | (എ) | യുജിസി മാനദണ്ഡപ്രകാരം എം.ഫിൽ നിർത്തലാക്കിയപ്പോഴും പി.ജി കോഴ്സുകൾക്ക് നൽകിയിരുന്ന അധിക വെയിറ്റേജ് ഒഴിവാക്കി ഉത്തരവായതിനാലും 16 മണിക്കൂർ മതിയായ വർക്ക് ലോഡ് ഇല്ലാത്ത വിവിധ അദ്ധ്യാപക തസ്തികകൾ നിലനിൽക്കുന്നതായി കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയിരുന്നു.<br><br>12.08.2025 തീയതിയിലെ സ.ഉ (സാ.ധാ) നം. 1086/2025/ഉവിവ നമ്പർ ഉത്തരവ് പ്രകാരം അധിക തസ്തിക നില നിന്നിരുന്ന കോളേജുകളിൽ നിന്നും വയനാട് സർക്കാർ മോഡൽ ഡിഗ്രി കോളേജിലേക്ക് ജോഗ്രഫി, സൈക്കോളജി, കോമേഴ്സ് എന്നീ വിഷയങ്ങളിൽ ഓരോ തസ്തിക വീതവും ഇംഗ്ലീഷ്, മലയാളം എന്നീ വിഷയങ്ങളിൽ രണ്ട് തസ്തികകൾ വീതവും പുനർ വിന്യസിച്ച് ഉത്തരവായിരുന്നു.<br><br>04.08.2025 തീയതിയിലെ സ.ഉ (സാ.ധാ)നം. 1051/2025/ഉവിവ നമ്പർ ഉത്തരവ് പ്രകാരം വടക്കൻ പറവൂർ കേസരി ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിലേക്ക് കോമേഴ്സ്, ജേർണലിസം, മാത്തമാറ്റിക്സ്, മലയാളം എന്നീ വിഷയങ്ങളിൽ ഓരോ തസ്തിക വീതവും പുനർ വിന്യസിച്ച് ഉത്തരവായിരുന്നു.<br><br>05.07.2025 ലെ സ.ഉ (സാ.ധാ) നം.495/2025/ ഉവിവ നമ്പർ ഉത്തരവ് പ്രകാരം മൊകേരി ഗവണ്മെന്റ് കോളേജിലെ ഇംഗ്ലീഷ് വിഷയത്തിലെ ഒരു അധിക തസ്തിക കേസരി ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിലേക്ക് ഷിഫ്റ്റ് ചെയ്തിരുന്നു. കൂടാതെ 07.11.2025 തീയതിയിലെ സ.ഉ (സാ.ധാ) നം. 1457/2025/ഉവിവ നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ ജ്യോഗ്രഫി വിഷയത്തിലെ ഒരു അധിക തസ്തിക |

| | | | |
|---|---|---|---|
| | | | നിലമ്പൂർ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിലേക്കും ചിറ്റൂർ ഗവണ്മെന്റ് കോളേജിലെ ജോഗ്രഫി വിഷയത്തിലെ 2 അധിക തസ്തികകൾ തോലന്നൂർ ഗവണ്മെന്റ് കോളേജിലേക്കും ഷിഫ്റ്റ് ചെയ്തിരുന്നു. തുടർന്ന് 13.01.2026 ലെ സ.ഉ(സാധാ)നം.52/2026/ഉവിവ പ്രകാരം വിവിധ വിഷയങ്ങളിലായി 154 അധിക തസ്തികകളും ഷിഫ്റ്റ് ചെയ്തിട്ടുണ്ട്. ഇപ്രകാരം 169 തസ്തികകളാണ് പുനർവിന്യസിച്ചിട്ടുള്ളത്.<br><br>ഇത് കൂടാതെ 16.01.2026ലെ സ.ഉ(എം.എസ്)നം.31/2026/ഉവിവ പ്രകാരം വർക്ക് ലോഡിന്റെ അടിസ്ഥാനത്തിൽ വിവിധ വിഷയങ്ങളിലായി 48 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. തസ്തികകൾ പുനർ വിന്യസിച്ചതിനു/സൃഷ്ടിച്ചതിനു ശേഷം 18.01.2026 തീയതിയിൽ 112 ഒഴിവുകളും 28.01.2026 തീയതിയിൽ ഒരു ശൂന്യവേതനാവധി ഒഴിവും 30.01.2026 തീയതിയിൽ മരണം മൂലം ഉണ്ടായ ഒഴിവും ഉൾപ്പെടെ 114 ഒഴിവുകൾ പി.എസ്.സിയിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>പി.എസ്.സിയിൽ നിന്നും നിയമന ശിപാർശ ലഭിക്കുന്ന ലഭ്യമാകുന്ന മുറയ്ക്ക് വകുപ്പിൽ നിന്നും നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ഇതിനു പുറമെ അധിക തസ്തികയ്ക്ക് ഉപരിയായി ഒഴിവ് വരാത്ത വിഷയങ്ങളിൽ കോടതിയുടെ നിർദ്ദേശമില്ലാതെ 01.06.2020 നു ശേഷം പി.എസ്.സി- യിലേക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല |
| (ബി) | നിലവിൽ കോളേജുകളിൽ അധ്യാപകരുടെ എണ്ണം അധികമായതിനാലാണോ അസിസ്റ്റന്റ് പ്രൊഫസർ നിയമനം തടസ്സപ്പെട്ട് കിടക്കുന്നത്; അധിക അധ്യാപക തസ്തികകളുടെ എണ്ണം കണക്കാക്കുന്നതിന് ഏത് വർക്ക് ലോഡാണ് സ്വീകരിച്ചത്; നാലു വർഷ ഡിഗ്രി (എഫ്.വൈ.യു.ജി.പി.) വന്നതിനുശേഷം ഉള്ള വർക്ക് ലോഡ് ആണോ അതോ അതിനു മുമ്പത്തെ സ്കീമിൽ ഉള്ള വർക്ക് ലോഡ് ആണോ; വിശദമാക്കാമോ ; | (ബി) | 2018 UGC റെഗുലേഷൻസ് പ്രകാരം ഒരു അധ്യാപക തസ്തികയ്ക്ക് ആഴ്ചയിൽ 16 മണിക്കൂർ വർക്ക് ലോഡ് ആവശ്യമാണ്. അതിന്റെ അടിസ്ഥാനത്തിൽ 25/05/2020ലെ സ.ഉ.(കൈ) നം. 193/2020/ ഉ.വി.വ. പ്രകാരം സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ പുതുതായി തസ്തികകൾ സൃഷ്ടിക്കുമ്പോൾ പി.ജികോഴ്സുകൾക്ക് നൽകിയിരുന്ന അധിക വെയ്റ്റേജ് നിർത്തലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. 11/09/2020 തീയതിയിലെ സ.ഉ (കൈ) നം. 313/2020/ഉ.വി.വ പ്രകാരം മേൽപ്പറഞ്ഞ ഉത്തരവിന് 01/06/2020 മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്.<br>യുജിസി മാനദണ്ഡപ്രകാരം എം.ഫിൽ നിർത്തലാക്കിയപ്പോഴും പി.ജി കോഴ്സുകൾക്ക് നൽകിയിരുന്ന അധിക വെയിറ്റേജ് ഒഴിവാക്കി |

| | | | |
|---|---|---|---|
| | | | ഉത്തരവായതിനാലും 16 മണിക്കൂർ മതിയായ വർക്ക് ലോഡ് ഇല്ലാത്ത വിവിധ അദ്ധ്യാപക തസ്തികകൾ നിലനിൽക്കുന്നതായി കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയിരുന്നു. ആയതിനാൽ എഫ്.വൈ.യു.ജി.പിയ്ക്ക് മുമ്പുള്ള വർക്ക് ലോഡ് പ്രകാരമാണ് അധിക തസ്തിക കണക്കാക്കിയിരിക്കുന്നത്.<br>സ.ഉ(സാധാ) നമ്പർ 770/2024/ഉവിവ തീയതി. 29.06.2024 പ്രകാരം നാലുവർഷ ബിരുദ കോഴ്സിന്റെ ആദ്യ ബാച്ച് പഠനം പൂർത്തിയാകുന്നത് വരെ സർക്കാർ/എയ്ഡഡ് കോളേജുകളിൽ നിലവിൽ അനുവദിക്കപ്പെട്ട മുഴുവൻ ജോലിഭാരവും തസ്തികകളും തൽസ്ഥിതി നിലനിറുത്തി ലോക്ക് ചെയ്തു കൊണ്ടും വിദ്യാർത്ഥികൾക്ക് മതിയായ മേജർ, മൈനർ ഫൗണ്ടേഷൻ കോഴ്സുകൾ നൽകുന്നതിന് നിലവിൽ അതിഥി അദ്ധ്യാപക നിയമനം അനുവദനീയമായിടങ്ങളിൽ ആവശ്യാനുസരണം ഗസ്റ്റ് അദ്ധ്യാപകരുടെ സേവനം ആഴ്ചയിൽ പരമാവധി 16 മണിക്കൂർ ജോലിഭാരം ഉറപ്പാക്കി അഞ്ചു ദിവസവും ഉപയോഗപ്പെടുത്തുവാനും ഉത്തരവായിട്ടുണ്ട്. |
| (സി) | നാലു വർഷ ഡിഗ്രി കോഴ്സ് ആരംഭിച്ചതിനുശേഷം അധ്യാപകരുടെ വർക്ക് ലോഡ് വർദ്ധിക്കുകയും അധിക അധ്യാപകരുടെ എണ്ണം കുറയുകയും ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | സ.ഉ(സാധാ) നമ്പർ 770/2024/HEDN തീയതി. 29.06.2024 പ്രകാരം നാലുവർഷ ബിരുദ കോഴ്സിന്റെ ആദ്യ ബാച്ച് പഠനം പൂർത്തിയാകുന്നത് വരെ സർക്കാർ/എയ്ഡഡ് കോളേജുകളിൽ നിലവിൽ അനുവദിക്കപ്പെട്ട മുഴുവൻ ജോലിഭാരവും തസ്തികകളും തൽസ്ഥിതി നില നിറുത്തി ലോക്ക് ചെയ്യുന്നു എന്നാണ് ഉത്തരവായിട്ടുള്ളത്. കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നാല് വർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കുമ്പോൾ കോളേജ് അധ്യാപകരുടെ ജോലിഭാരം നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി അതായത് സ.ഉ (കൈ)നം.155/2020/ ഉവിവ തീയതി 01.04.2020, സ.ഉ (കൈ) നം.193/2020/ഉവിവ തീയതി 25.05.2020, സ.ഉ (കൈ) നം.313/2020/ഉവിവ തീയതി 11.09.2020 എന്നിവ പ്രകാരം പുനർ നിശ്ചയിച്ചിട്ടില്ല.<br><br>FYUGP പ്രകാരം മേജർ, മൈനർ വിഷയങ്ങളിൽ ജോലി ഭാരത്തിൽ ഒട്ടേറെ മാറ്റങ്ങൾ വന്നിരിക്കുന്നതിനാൽ അതിന്റെ യഥാർത്ഥ ചിത്രം ഒരു ആവർത്തി (cycle) അതായത് 4 വർഷം കഴിഞ്ഞാൽ മാത്രമേ വ്യക്തമാകുകയുള്ളൂ. |
| (ഡി) | നാലു വർഷ ഡിഗ്രിയുടെ (എഫ്.വൈ.യു.ജി.പി.) ആദ്യ ബാച്ച് പൂർത്തിയാകുന്നതോടുകൂടി അധിക | (ഡി) | നാല് വർഷ ഡിഗ്രിയുടെ ആദ്യ ബാച്ച് പൂർത്തിയാകുന്ന മുറയ്ക്ക് ജോലിഭാരം |

| | | | |
|---|---|---|---|
| | അധ്യാപകരുടെ പ്രശ്നം പരിഹരിക്കപ്പെട്ടുമോ; വിശദമാക്കാമോ ; | | പുനർനിർണ്ണയിക്കുന്ന സാഹചര്യത്തിൽ മാത്രമേ ഇക്കാര്യത്തിൽ വ്യക്തത വരികയുള്ളൂ. |
| (ഇ) | അസിസ്റ്റന്റ് പ്രൊഫസർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നിയമനം ലഭിക്കുന്നതിനു നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കാമോ? | (ഇ) | 13.01.2026 ലെ സ.ഉ(സാധാ)നം.52/2026/ഉവിവ പ്രകാരം വിവിധ വിഷയങ്ങളിലായി സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ നിലവിലുള്ള 90 ഒഴിവുകളും 16.01.2026 തീയതിയിലെ സ.ഉ (കൈ)നം.31/2026/ഉവിവ നമ്പർ ഉത്തരവ് പ്രകാരം 2020-21 വർഷത്തിൽ ആരംഭിച്ച പുതിയ കോഴ്സുകളിലായി 48 പുതിയ തസ്തികകളും ഉൾപ്പെടെ 138 തസ്തികകൾ നിയമനം നടത്തുന്നതിനായി പി.എസ്.സി- യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടി നൽകുന്ന വിഷയത്തിൽ നിലവിൽ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ